**കോളേജ് വിദ്യാഭ്യാസ വകുപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഫുൾടൈം സ്വീപ്പർ/സാനിട്ടേഷൻ വർക്കർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ സി 6/2826/2019/കോ.വി.വ. തീയതി : 19/09/2019

---

പരാമർശം:
1) 02/09/2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)നം. 1601/2019/ഉ. വി.വ.
2) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1793/2015 കേസിലെ 29/08/2016 ലെ വിധിന്യായം.
3) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ OP(KAT)46/2017 കേസിലെ 08/10/2018 ലെ വിധിന്യായം.
4) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP(C ) D No.15928/19 കേസിലെ 03/07/2019 ലെ വിധിന്യായം.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താത്ക്കാലികാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് നിയമിക്കപ്പെട്ട സ്വീപ്പർ/സാനിട്ടേഷൻ വർക്കർ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഫയൽ ചെയ്തിരുന്ന OA 1793/2015 കേസിലെ 29/08/2016 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയിൽ ടിയാന്മാരുടെ നിയമനം സ്ഥിരപ്പെടുത്തി നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് ടി വിധിക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)46/2017 കേസിലെ പരാമർശം (3) ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ശരിവച്ച് വിധി പുറപ്പെടുവിച്ചിരുന്നു. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C ) D No.15928/19 കേസിലെ പരാമർശം (4) ഉത്തരവ് പ്രകാരം ടി കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതി 'dismiss' ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ടി കേസിലെ കക്ഷികളുടെ താത്ക്കാലിക നിയമനം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത പുനഃ പരിശോധനാ ഹർജിയുടെ തീർപ്പിനു വിധേയമായി താത്ക്കാലിക നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

OA 1793/2015 കേസിലെ കക്ഷികളായ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സ്വീപ്പർ/ സാനിട്ടേഷൻ വർക്കർമാരായിരുന്ന ശ്രീമതി. ഷൈലജ.എസ്, ശ്രീമതി. ലേഖ.റ്റി, ശ്രീമതി. ഷീജ.കെ.ജി എന്നിവർ 179 ദിവസത്തെ സേവനത്തിനു ശേഷം വിടുതൽ വാങ്ങി പോയവരാണ്. ടിയാന്മാർക്ക് ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിയമനം നൽകുന്നതിന് നിലവിൽ ഒഴിവില്ല.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കോടതി വിധിയും സർക്കാർ ഉത്തരവും നടപ്പിലാക്കുന്നതിനായി നിലവിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ സ്വീപ്പർ/സാനിട്ടേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്ന ചുവടെ പറയുന്ന ജീവനക്കാരെ സമീപ സ്ഥാപനങ്ങളിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

GOVERNMENT OF KERALA

| ക്രമ നമ്പർ | പേര്, തസ്തിക, നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി. ഉമാദേവി. ആർ<br>ഫുൾ ടൈം സ്വീപ്പർ,<br>സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളേജിലെ നിലവിലെ ഒഴിവിൽ |
| 2 | ശ്രീമതി. ഷൈലജ.പി<br>ഫുൾ ടൈം സ്വീപ്പർ,<br>സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നിലവിലെ ഒഴിവിൽ |
| 3 | ശ്രീമതി. ബിന്ദു.ആർ<br>ഫുൾടൈം സാനിട്ടേഷൻ വർക്കർ<br>സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | ശ്രീസ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജ്, തിരുവനന്തപുരം, നിലവിലെ ഒഴിവിൽ |

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും ഉടൻ പ്രാബല്യത്തിൽ വിടുതൽ വാങ്ങി സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedn.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
ഷൂജ.ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1) ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2) ബന്ധപ്പെട്ട ജീവനക്കാർക്ക്
3) കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/19/9/19

GOVERNMENT OF KERALA